TB Movie Panel Weekly Review

#moviepanel

K D (A ) KARUPPUDURAI

Written By: Athira Chandini Pillai

K .D .(A ) Karuppudurai , ഡയറക്ടർ മധുമിതയുടെ സംവിധാനത്തിൽ 2019 -ൽ പുറത്തിറങ്ങിയ 'Must Watch'
ഗണത്തിൽ പെടുത്താവുന്ന മനോഹരമായ ഒരു കൊച്ചു തമിഴ് സിനിമ.

സിനിമ പറയുന്നത് 'കറുപ്പുദുരൈ' എന്ന 80 വയസ്സുകാരൻ്റെ 'കെ ഡി' യിലേക്കുള്ള പരിവർത്തനത്തിൻ്റെ
കഥയാണ്.കഥ കെ ഡി യുടേത് മാത്രമല്ല അത് 'കുട്ടി' എന്ന് പേരുള്ള ഒരു ചെറിയ ആണ്കുട്ടിയുടേതും കൂടിയാണ്.

'കെ ഡി' യും 'കുട്ടി' യും തമ്മിലുള്ള ഊഷ്മളമായ ആത്മ ബന്ധമാണ് സിനിമ നമുക്ക് കാണിച്ചു തരുന്നത് .

വൃദ്ധനായ കറുപ്പ് ദുരൈ മൂന്നു മാസമായി അസുഖം ബാധിച്ചു 'കോമ' യിലാണ് .

ജീവിതത്തിലേക്ക് തിരിച്ചു വരാൻ സാധ്യതകളൊന്നുമില്ലാത്ത അയാളെ 'തലൈക്കൂത്തൽ' എന്ന
അനാചാര പ്രകാരം കൊലപ്പെടുത്താൻ മക്കളും മരുമക്കളും കൂടി തീരുമാനമെടുക്കുന്നു.

( തലൈക്കൂത്തൽ - പ്രായമായ മനുഷ്യരെ വെളുപ്പിനെ ശരീരം മുഴുവൻ എണ്ണ തേച്ചതിനു ശേഷം , 10 -12 കരിക്കു വെള്ളം കുടിക്കാൻ കൊടുക്കുന്നു.ആന്തരാവയവങ്ങൾ തകരാറിലായി
മണിക്കൂറുകൾക്കുള്ളിൽ അവർ മരണപ്പെടുന്നു. തമിഴ്നാട്ടിലെ ചില ഉൾഗ്രാമങ്ങളിൽ അനുഷ്ഠിച്ചു വന്നിരുന്ന ദുരാചാരം.)

അത്ഭുതകരമായി കോമ യിൽ നിന്ന് കറുപ്പ് ദുരൈ എഴുന്നേൽക്കുകയും ഇവരുടെ ചർച്ച കേൾക്കുകയും അവിടെ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു.

പിന്നീട് 'കുട്ടി' യുമായുള്ള കണ്ടുമുട്ടലും തുടർന്നുള്ള അവരുടെ ജീവിതവും സിനിമ നമ്മെ ആസ്വാദനത്തിൻ്റെ മറ്റൊരു ലോകത്തു കൊണ്ടെത്തിക്കുമെന്നു തീർച്ച .

മക്കളും മരുമക്കളും പേരക്കുട്ടികളും എല്ലാമുണ്ടായിട്ടും ,അവർ

മരണത്തിലേക്ക് തള്ളിവിട്ട , ജീവിത സായാഹ്നത്തിൽ അനാഥനാക്കപ്പെടുന്ന ഒരാൾ , മറ്റൊരാൾ ജീവിതം തുടങ്ങിയത് മുതൽ അനാഥനാണ്.

പ്രായം വെറും സംഖ്യമാത്രമാണെന്നു കാണിച്ചു തന്ന് , തൻ്റെ പ്രിയപ്പെട്ട ആഗ്രഹങ്ങളെല്ലാം ഓരോന്നോരോന്നായി സാധിക്കുന്ന 'കെ ഡി' നമ്മെ ഒരേ സമയം അത്ഭുതപ്പെടുത്തുകയും അസൂയപ്പെടുത്തുകയും ചെയ്യും.

'കെ ഡി' ആയി എത്തിയ നടൻ രാമസ്വാമിയും 'കുട്ടി' ആയി എത്തിയ നാഗവിശാലും മത്സരിച്ചു അഭിനയിക്കുമ്പോൾ സന്തോഷം കൊണ്ട് മനസ്സും കണ്ണും നിറക്കുന്ന ഒരു പിടി നല്ല രംഗങ്ങൾ സിനിമ നമുക്ക് സമ്മാനിക്കുന്നു.

നാഗവിശാൽ എന്ന കൊച്ചു താരത്തിൻ്റെ മികച്ച പ്രകടനം തന്നെയാണ് ഈ സിനിമ നാം തീർച്ചയായും കണ്ടിരിക്കേണ്ട ഒന്നാക്കി മാറ്റുന്നത് .

മികച്ച ബാലതാരത്തിനുള്ള ദേശീയ പുരസ്കാരമുൾപ്പെടെ പന്ത്രണ്ടോളം പുരസ്കാരങ്ങൾ ഇതിനോടകം സിനിമ കരസ്ഥമാക്കിയിരിക്കുന്നു.

സിനിമ കാണുന്ന എല്ലാവരുടെയും കണ്ണ് നനയിക്കുമോ എന്ന് ഉറപ്പു പറയാനാകില്ലെങ്കിലും , കാണുന്ന ഭൂരിപക്ഷം ആളുകളെയും കൊണ്ട് മട്ടൺ ബിരിയാണി കഴിപ്പിക്കാൻ തോന്നിപ്പിക്കുമെന്നു തീർച്ച.
അതിനു പിന്നിലെ രഹസ്യം സിനിമ കണ്ടു തന്നെ അറിയണം.

സിനിമ ആമസോൺ പ്രൈമിൽ ലഭ്യമാണ്.